പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5437 06.07.2012-ൽ മറുപടിയ്ക്ക്

ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ. വി. എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കേന്ദ്ര സർക്കാർ ആശുപത്രികൾക്ക് സമാനമായ രീതിയിൽ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം പരിഷ്കരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | ഡെന്റിസ്റ്റ് ആക്ട് 1948 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡന്റൽ ഹൈജീനിസ്റ്റുകൾ ഡന്റൽ ചെയർസൈഡ് അസിസ്റ്റന്റ് ജോലികൾ കൂടി ചെയ്യണമെന്ന ആരോഗ്യ വകുപ്പിന്റെ ഉത്തരവ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഡന്റൽ ഹൈജീനിസ്റ്റുകൾ, ഡന്റൽ ചെയർസൈഡ് അസിസ്റ്റന്റ് ജോലികൾ കൂടി ചെയ്യണമെന്നത് ഡെന്റിസ്റ്റ് ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുളളതാണ്. ഡെന്റൽ സർജന് ചെയർസൈഡ് അസിസ്റ്റന്റ് അത്യന്താപേക്ഷിതമാണ്. അതിനായി ഡന്റൽ ഹൈജീനിസ്റ്റുകൾ അല്ലാതെ നിലവിൽ മറ്റു വിഭാഗം ജീവനക്കാർ ഇല്ല. |
| (സി) | 2010-11 വർഷത്തിൽ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകൾ സ്വതന്ത്രമായി എത്ര സ്കൂൾ, സാമൂഹ്യ ദന്തപരിശോധനാ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തി; ഇതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) | ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകൾക്ക് സ്വതന്ത്രമായി സ്കൂൾ / സാമൂഹ്യ ദന്തപരിശോധനാ ക്യാമ്പുകൾ നടത്തുവാനുളള അധികാരം ഡന്റൽ കൗൺസിൽ ഓഫ് ഇൻഡ്യ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ